കുംഭമേളയിലെ നഗ്ന സന്ന്യാസിമാർ



കെ.സി. വർഗീസ്

# ആത്മീയ ഫാസിസത്തിന്റെ ആൾക്കൂട്ട മനഃശാസ്ത്രം

**അരാഷ്ട്രീയവൽക്കരിക്കപ്പെട്ട, അശരണരും നിഷ്ക്രിയരുമായ ആൾക്കൂട്ട മനുഷ്യരുടെ മനസ്സിൽ വേരുകളാഴ്ത്തുന്ന പുരോഹിതാത്മീയത ഫാസിസത്തിന് വളക്കൂറുള്ള മണ്ണൊരുക്കുന്നു**

ഫാസിസത്തിന്റെ ആൾക്കൂട്ട മനഃശാസ്ത്രം (The Mass Psychology of Fascism) എഴുതിയ വിൽഹം റീഹ് മലയാളിക്കത്രയൊന്നും അപരിചിതനല്ല. ഫാസിസത്തോടനുബന്ധിച്ച നമ്മുടെ ചർച്ചകളിൽ ദീർഘകാലമായി റീഹും അദ്ദേഹത്തിന്റെ നിഗമനങ്ങളും കടന്നുവരാറുണ്ട്. സമീപകാലത്തു നമ്മുടെ ഇടയിൽ പടർന്നുപിടിച്ച ആൾദൈവ തട്ടിപ്പുകളോടു ബന്ധപ്പെടുത്തി വിൽഹം റീഹിനെ വായിക്കുന്നത് നന്നായിരിക്കും. ഫാസിസം ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ശത്രുവാണ്. ജനാധിപത്യത്തിന്റെ മുഖം മൂടിയണിഞ്ഞും ഫാസിസം പ്രത്യക്ഷപ്പെടാറുണ്ട്. പ്രതികരണശേഷി നഷ്ടപ്പെട്ട, നിഷ്ക്രിയരാക്കപ്പെട്ട, ആന്തരികമായി അരാഷ്ട്രീയവൽക്കരിക്കപ്പെട്ട ഒരാൾക്കൂട്ടത്തെ രൂപപ്പെടുത്തിയിട്ട് ആ മണ്ണിൽവേണം ഫാസിസത്തിനു വേരുകളിറക്കാൻ. അതിനാവശ്യമായ ഒരാൾക്കൂട്ട മനഃശാസ്ത്രം വളർത്തിയെടുക്കാൻ ഉപയോഗിക്കുന്ന തന്ത്ര

ങ്ങളിൽ ഏറെ പ്രധാനപ്പെട്ട ഒന്നാണ് സംഘടിത മതത്തിന്റെ പുറംപോക്കുകളിൽ തഴച്ചുവളർന്ന നിഗൂഢവാദപരമായ ദർശനങ്ങൾ.

വിദൂരമായ ലക്ഷ്യങ്ങൾ ചൂണ്ടിക്കാണിച്ച് ജനങ്ങളെ ആവേശം കൊള്ളിക്കുക, അതേസമയം, തൊട്ടുസമീപത്തുള്ള പ്രശ്നങ്ങളുടെ നേരെ കണ്ണടയ്ക്കുക, എല്ലാ നിഗൂഢതാവാദ പ്രത്യയശാസ്ത്രങ്ങളുടെയും അടിസ്ഥാനം ഈ സമീപനമത്രേ. ആൾദൈവ വേഷധാരികളായ കപടസന്ന്യാസിമാർ മാത്രമല്ല, ചിലപ്പോഴൊക്കെ ഭരണകൂടവും സ്വന്തം വീഴ്ചകളെ മറച്ചുപിടിക്കാൻ ഈ അടവ് സമർത്ഥമായി പ്രയോഗിക്കാറുണ്ട്. ഏതു പിന്തിരിപ്പൻ പ്രത്യയശാസ്ത്രവും വളർന്നു പന്തലിക്കുന്നത് പൊതുജനങ്ങളുടെയിടയിൽ അത് വേഗത്തിൽ വേരോടുന്നതുകൊണ്ടാണ്. പൊതുജനസ്വീകാര്യത നേടിക്കഴിഞ്ഞ ഒരു ആശയത്തെയോ, പ്രസ്ഥാനത്തെയോ പരസ്യമായി എതിർക്കാൻ മാധ്യമങ്ങളും ഭരണകൂടവും തയ്യാറായെന്നു വരില്ല. വ്യാജ സന്ന്യാസിമാരും ആൾപ്പിടിയൻ സന്ന്യാസിമാരും ഈ സാഹചര്യത്തെ നന്നായി മുതലെടുക്കുന്നു. ഇത്തരം വ്യാജ പ്രവാചകന്മാർക്കനുകൂലമായി ഏറെ മാധ്യമസ്ഥലം അനുവദിച്ചു നൽകാൻ മാധ്യമ നടത്തിപ്പുകാർ നിർബന്ധിതരാകുന്നു. മന്ത്രിമാർക്കും മറ്റു ജനപ്രതിനിധികൾക്കും ഇവരോടൊത്തു വേദി പങ്കിടേണ്ടി വരുന്നു.

ആൾക്കൂട്ടത്തിന്റെ നിഗൂഢചിന്തകളെയും വൈകാരിക ഘടകങ്ങളെയും ആശ്രയിച്ചാണിവർ നിലനിൽക്കുന്നത്. ഭാരതീയമായ വിധി (fate) സിദ്ധാന്തം ഉൾപ്പെടെ എല്ലാ നിഗൂഢതാവാദ സിദ്ധാന്തങ്ങളും ലക്ഷ്യമാക്കുന്നത് യാഥാർത്ഥ്യത്തിൽ നിന്നും നിങ്ങളുടെ ശ്രദ്ധ തിരിച്ചുവിടുക എന്നതാണ്. ഈ കാണപ്പെടുന്ന ജഗത് മിഥ്യ, കാണപ്പെടാത്ത ബ്രഹ്മം യാഥാർത്ഥ്യം എന്ന ശങ്കരന്റെ മായാവാദം ഉൾപ്പെടെയുള്ള ഒട്ടുമിക്ക മതപാരമ്പര്യങ്ങളും ഫാസിസത്തിന് അനുകൂലമായ ആൾക്കൂട്ട മനഃശാസ്ത്രത്തെ പോഷിപ്പിക്കുന്നവയാണ്. ജനകീയമായ തിരിച്ചറിവുകളെ ഊട്ടിവളർത്തിയവരായിരുന്നു ജീസസ്സും മുഹമ്മദുമൊക്കെ. എല്ലാ പ്രവാചക ആത്മീയതയുടെ വക്താക്കളും യാഥാർത്ഥ്യത്തെ മുൻനിർത്തി ജനങ്ങളെ സംബോധന ചെയ്യുന്നവരാണ്. എന്നാൽ, ആത്മീയതയിലെ പ്രവാചക ധാരയെ പുറന്തള്ളിക്കൊണ്ട് പ്രാബല്യം നേടിയ പുരോഹിതാത്മീയത യാഥാർത്ഥ്യത്തെ അവഗണിച്ചുകൊണ്ടു മിഥ്യകളെ പ്രധാനപ്പെട്ടവയാക്കി. നിങ്ങളുടെ വർത്തമാനകാലത്തെ അത് ആയിരിക്കുന്ന തരത്തിൽ അഭിമുഖീകരിക്കുന്നതിനു പകരം – ഭാവിയെക്കുറിച്ചറിയാനുള്ള ആകാംക്ഷ ഈ വ്യാജഗുരുക്കന്മാർ നിങ്ങൾക്കു മുൻപിൽ അവതരിപ്പിക്കുന്നു.

"എല്ലാ നന്മയും തിന്മയാകുന്നു. എല്ലാ തിന്മയും നന്മയാകുന്നു" (Fair is Foul and Foul is Fair) എന്ന മാക്ബത്ത് നാടകത്തിലെ ദുർമന്ത്രവാദിനികളുടെ പ്രാർത്ഥന തന്നെ ഈ ആത്മീയ ഗുരുക്കന്മാരുടെയും ആപ്തവാക്യം. ഒരിക്കൽ എല്ലാ നന്മകളുടെയും പ്രതിരൂപമെന്ന് വാഴ്ത്തപ്പെട്ട മാക്ബത്ത് ഭൂമിയിലെ സർവ്വതിന്മകളുടെയും പ്രതിരൂപമായി നിപതിക്കുന്നത് – മാക്ബത്ത് സ്കോട്ട്ലന്റിലെ രാജാവാകുമെന്ന പ്രവചനത്തെ തുടർന്നായിരുന്നല്ലോ. ഭാവിയെക്കുറിച്ചുള്ള ആകാംക്ഷയ്ക്കു മുൻപിൽ നമ്മുടെ രാഷ്ട്രീയ നേതാക്കളും ഉദ്യോഗസ്ഥ പ്രമുഖരും അവരുടെ വർത്തമാനകാലത്തെ ഹോമിക്കുകയാണ്. അർഹിക്കാത്ത ബഹുമതികളും അംഗീകാരങ്ങളും അകാലത്തിൽ സ്വായത്തമാക്കുമ്പോഴാണ് പലർക്കും തങ്ങളുടെ ജീവിതത്തിന്റെ നാളെകളെക്കുറിച്ചുള്ള ഉത്കണ്ഠ വളരുന്നത്. നാളത്തെ ദിവസം നിങ്ങൾക്കുള്ളതല്ല എന്ന് അർത്ഥശങ്കയ്ക്കിട നൽകാതെ ബൈബിൾ വ്യക്തമാക്കുന്നുണ്ട് (സദൃശവാക്യം – 27:1, യെശ:22:13, യെശ:56:14, മത്താ:6:34).



കാഷായവേഷധാരികളായി, ആത്മീയാചാര്യന്മാരായി നടക്കുന്നവർ ഷേക്സ്പിയർ നാടകത്തിലെ ദുർമന്ത്രവാദിനികളുടെ ദൗത്യമാണ് നിറവേറ്റുന്നത്. മാക്ബത്തിന്റെയും അയാളുടെ കുടുംബത്തിന്റെയും ദുരന്തം മാക്ബത്തിന്റെ സ്വഭാവത്തിൽ അന്തർലീനമായിരുന്ന അതിമോഹം (Ambition) എന്ന ദുർഗുണത്തിന്റെ അനന്തരഫലമാണ്. ഷേക്സ്പിയറുടെ എല്ലാ ദുരന്ത നാടകങ്ങളിലെയും ദുരന്തത്തിനു നിദാനം നായകകഥാപാത്രത്തിന്റെ സ്വഭാവത്തിലെ ഇത്തരം ചില ദൗർബല്യങ്ങളാണെന്ന കാര്യം ഇവിടെ ഓർക്കാവുന്നതാണ്. (ഒഥല്ലോ – അപകർഷതാബോധം, ഹാംലറ്റ് – ദൃഢചിത്തതയില്ലായ്മ, കിംഗ് ലിയർ – അഹംബോധം) മതത്തിന്റെ നിഗൂഢതാവാദസിദ്ധാന്തങ്ങൾ പലപ്പോഴും ഒരുവന്റെ ദുരിതങ്ങളുടെ യഥാർത്ഥ കാരണം അവനെ ബോദ്ധ്യപ്പെടുത്താതിരിക്കാൻ പരമാവധി ശ്രമിക്കുന്നു. രാഷ്ട്രീയ വ്യവസ്ഥിതികൾ വ്യക്തികളുടെ സുഖദുഃഖങ്ങളുടെ നിർമ്മിതിയിൽ വഹിക്കുന്ന പങ്കിനെ ഇത് നിസ്സാരവൽക്കരിച്ചുകാണുന്നു. വ്യവസ്ഥിതികൾക്കെതിരായ അമർഷം വ്യക്തികളുടെ മനസ്സിൽ വളർത്തിയെടുത്ത് അവരെ വിപ്ലവസജ്ജരാക്കുകയും യഥാർത്ഥ ആത്മീയതയുടെ ദൗത്യം തന്നെ.

## ലൈംഗികാനന്ദവും ആത്മീയവൈകൃതങ്ങളും

**ഒ**ട്ടുമിക്ക ഇന്ത്യൻ സന്ന്യാസിമാരും മനുഷ്യന്റെ ലൈംഗികാഭിനിവേശത്തിനു ചുറ്റും നിഗൂഢതാസിദ്ധാന്തങ്ങൾ ചമച്ച് അതിനു ദുർഗ്രഹതയുടെ പരിവേഷം സൃഷ്ടിക്കുന്നു. എന്നിട്ട് തങ്ങളതിനെ ലഘൂകരിക്കുന്നു എന്ന ഭാവേന തട്ടിപ്പു നടത്തുന്നു. കുടുംബം, മതം, രാഷ്ട്രം തുടങ്ങിയ സ്ഥാപനങ്ങളുടെ സുസ്ഥിരതയും സർവ്വാധിപത്യപരവും പ്രതിലോമപരവുമായ അതിന്റെ വളർച്ചയ്ക്കും മനുഷ്യന്റെ നൈസർഗികമായ ലൈംഗികാനന്ദത്തെ അടിച്ചമർത്തണമെന്ന കാഴ്ചപ്പാട് നമ്മുടെ സംസ്കാരത്തിൽ അന്തർലീനമായിരുന്നു എന്ന് വിൽഹം റീഹ് തന്റെ പഠനത്തിൽ സമർത്ഥിക്കുന്നുണ്ട്. ചരിത്രത്തിലെ സർവ്വ ഫാസിസ്റ്റ് ഭരണാധികാരികളും സ്വന്തം ലൈംഗി

കാനന്ദത്തെ വരിഞ്ഞുമുറുക്കിയിരുന്നവരും ലൈംഗികതാനിരാസം സദാചാര സംരക്ഷണത്തിന്റെ മുന്നുപാധിയാക്കിയവരും ആയിരുന്നു. സഹജീവികളെ നിഷ്കരുണം വധിക്കുക, അവരുടെ ശരീരത്തിൽ മുറിവേല്പിക്കുക, മറ്റു പലവിധ പീഡനങ്ങൾ ഏല്പിച്ചു രസിക്കുക, ഇതു ചെയ്യുന്നതിൽ നിന്ന് ആനന്ദം അനുഭവിക്കുന്ന സാഡിസ്റ്റുകൾ (പരപീഡാസക്തർ) ഒരു വശത്ത്, സ്വന്തം ശരീരത്തിനാവശ്യമായ ഭക്ഷണപാനീയങ്ങൾ നൽകാതിരിക്കുക, സ്വന്തം ശരീരത്തിൽ സ്വയം ചാട്ടവാറടി ഏല്പിച്ചു രസിക്കുക, അരയിൽ മുള്ളു പിടിപ്പിച്ച ബെൽറ്റുകൾ ധരിക്കുക തുടങ്ങിയ ക്രൈസ്തവ സന്ന്യാസ പാരമ്പര്യങ്ങളിലെ മസോക്കിസ്റ്റ് പ്രവണതകൾ (ആത്മപീഡാരതി) മറുഭാഗത്ത്. ഇവയെല്ലാം സ്വാഭാവിക ലൈംഗികാനന്ദത്തിന്റെ മനഃപൂർവ്വമുള്ള നിഷേധത്തിൽ നിന്നുളവാകുന്ന മാനസിക പ്രവണതയുടെ അനന്തരഫലമാണെന്നും വിൽഹം റീഹ് നിരീക്ഷിക്കുന്നുണ്ട്. ഇത്തരക്കാർ ഏതെങ്കിലും ഗ്രൂപ്പുകളുടെയോ സ്ഥാപനത്തിന്റെയോ രാജ്യത്തിന്റെ തന്നെയോ തലപ്പത്തു പ്രതിഷ്ഠിക്കപ്പെട്ടാൽ അവർ തികഞ്ഞ ഫാസിസ്റ്റുകളാകും എന്നതാണ് ചരിത്രം നൽകുന്ന പാഠം.

ഫാസിസത്തിനു അനുകൂലമായ ആൾക്കൂട്ട മനഃശാസ്ത്രം രൂപപ്പെടുത്തുന്നതിൽ എല്ലാ പിതൃമേധാവിത്വ മതങ്ങളും അവയുടെ പങ്കു വഹിച്ചിട്ടുണ്ട്. ലൈംഗികാവശ്യങ്ങളുടെ നിരസിക്കലിനു ഇവയെല്ലാം ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഊന്നൽ നൽകുന്നുണ്ട്. ചൊവ്വാദോഷം പോലുള്ള വ്യാജകാരണങ്ങൾ ഉന്നയിച്ച് വിവാഹം നിഷേധിക്കപ്പെടുന്ന യുവതികൾ, ജാതകദോഷത്തിന്റെ പേരിൽ വിവാഹമോചനത്തിലേക്കു നയിക്കപ്പെടുന്നവർ, ലൈംഗികതയുടെ പ്രതീകമായ പുരുഷലിംഗത്തിന്റെ അഗ്രം ഛേദിച്ച് മതത്തിനുള്ളിലേക്കു പ്രവേശനം നേടുന്നവർ, വേശ്യാദോഷം ആരോപിച്ചു കല്ലെറിഞ്ഞു കൊല്ലപ്പെടുന്നവർ, ഭർത്താവിന്റെ ചിതയിൽ എരിഞ്ഞടങ്ങി മോക്ഷം പ്രാപിക്കുന്നവർ എന്നിങ്ങനെ പിതൃമേധാവിത്വ മതങ്ങളുടെ നിഗൂഢതാവാദപരമായ ഏതനുഷ്ഠാനങ്ങൾ പരിശോധിച്ചാലും അതിന്റെയൊക്കെ പുറകിൽ പ്രത്യക്ഷമോ പരോക്ഷമോ ആയ ഒരു തരം ലൈംഗികതാനിരാസം കാണാം. ഫാസിസത്തിലൂന്നിയ ഭരണകൂടങ്ങളുടെ എക്കാലത്തെയും രക്ഷാപുരുഷന്മാരായി രംഗപ്രവേശം ചെയ്തിരുന്നതും ഇത്തരം ചില വ്യാജഗുരുക്കന്മാരായിരുന്നു.



ക്രിസ്തുമതമാകട്ടെ അതിന്റെ ആദിപാപ (Original Sin) സങ്കല്പത്തെ ലൈംഗികതയിലേക്കു വ്യാപിപ്പിക്കുകയും അതു പാപമാണെന്ന ധാരണ വിശ്വാസികളുടെ മനസ്സിൽ സുസ്ഥിരമാക്കുകയും ചെയ്തു. വിവാഹം പോലും ഒഴിവാക്കി ജീവിക്കുന്നതാണുത്തമം എന്ന് സെന്റ് പോൾ രേഖപ്പെടുത്തി. ലൈംഗികത വിവാഹവൃത്തത്തിനുള്ളിൽ അനിവാര്യമായ ഒരു തിന്മപോലെ പരിമിതപ്പെടുത്തി. അവിവാഹിതരായ വൈദികരും കന്യാസ്ത്രീകളും കത്തോലിക്കാസഭയിലെ പൂർണ്ണ പൗരാവകാശമുള്ള പ്രജകളും, വിവാഹജീവിതം നയിക്കുന്നവർ സഭാപരമായ അവകാശങ്ങളൊക്കെ നിഷേധിക്കപ്പെട്ട അർദ്ധപൗരന്മാരുമായി കരുതപ്പെടുന്നു. സഭയ്ക്കുള്ളിൽ ഇവർക്കു ലഭിക്കുന്ന പരിരക്ഷണം ആദ്യം പറഞ്ഞ വിഭാഗത്തിന്റെ ഔദാര്യമായി കരുതപ്പെടുന്നു. ഇത്തരം ചരിത്രസാഹചര്യങ്ങൾക്കെതിരായ കലാപമായിരുന്നു യൂറോപ്പിലെ പ്രൊട്ടസ്റ്റന്റ് വിപ്ലവം. അതേത്തുടർന്നു കത്തോലിക്കാ സഭയിൽ നിന്ന് പുറത്തുവന്ന വിവിധ പ്രൊട്ടസ്റ്റന്റ് വിശ്വാസികളാകട്ടെ ലൈംഗികതയെ സംബന്ധിച്ച് തങ്ങളിൽ പരമ്പരാഗതമായി രൂഢമൂലമായിരുന്ന അബദ്ധ ധാരണകളിൽനിന്നും പൂർണ്ണമായും വിമുക്തരായില്ല. യേശുവിന്റെ വേഗത്തിലുള്ള രണ്ടാം വരവ്, ആകാശമേഘങ്ങളിലെ ഉടലോടെ എടുക്കപ്പെടുമെന്നുള്ള വ്യാമോഹം, സ്വർഗ്ഗത്തിൽ ലഭിക്കാനിടയുള്ള സുഖസൗകര്യങ്ങളെക്കുറിച്ചുള്ള പ്രതീക്ഷ ഇവയെല്ലാം പ്രചരിപ്പിച്ച മനുഷ്യരെ ലൈംഗികാനന്ദത്തിൽ നിന്നു അന്യവത്ക്കരിക്കുകയും മതപരമായ കൂട്ടപ്രാർത്ഥനയും കൈകൊട്ടിപ്പാട്ടും ഒക്കെ അതിന് പകരം വയ്ക്കുകയും ചെയ്തു. യൂറോപ്പിലെ വിവിധ ഫാസിസ്റ്റ് ഭരണാധികാരികൾക്കു അവരുടെ ജോലിക്കൂടുതൽ സുഗമമാക്കുന്നതിനെ പ്രൊട്ടസ്റ്റന്റിസം സഹായിച്ചുള്ളൂ.

ലൈംഗികതയെ പാപം എന്നു കരുതുന്ന ഒരു സാധാരണ വിശ്വാസിയുടെ മാനസികാവസ്ഥയെ വിൽഹം റീഹ് ഇങ്ങനെ ചിത്രീകരിക്കുന്നു: "ഇവരുടെ മതബോധം ലൈംഗികാഹ്ലാദത്തിന്റെ അനന്തര ഫലമായി ലഭിച്ചേക്കാവുന്ന ശിക്ഷയെക്കുറിച്ച് അവരെ ഉത്കണ്ഠാകുലരാക്കുന്നു. സ്വാഭാവിക ലൈംഗികാഹ്ലാദം അനുഭവിക്കുന്നതിനുള്ള ശാരീരികശേഷി ഈ മാനസിക സംഘർഷത്തിന്റെ ഫലമായി അവർക്കു നഷ്ടപ്പെടുന്നു. ഭൗതിക സന്തോഷങ്ങളെ മൊത്തത്തിൽ നിഷേധിക്കുന്ന ഇവർ അതിന്റെ പ്രതിഫലമായി മരണാനന്തര ജീവിതത്തിൽ വർദ്ധിച്ച സന്തോഷങ്ങളെ പ്രതീക്ഷിക്കുന്നതിനാൽ ഈ ലോകത്തിൽ സന്തോഷം സാദ്ധ്യമല്ലെന്നൊരു ബോധത്തിനു വിധേയരാവുന്നു. മാനസികമായി മറ്റൊരു ലോകത്തിലാണവർ ജീവിക്കുന്നത്. എങ്കിലും അവർ ഈ ലോകത്തിന്റെ തന്നെ ഒരു സൃഷ്ടിയായതിനാൽ ഭൗതിക സന്തോഷങ്ങളെ പാടെ നിഷേധിച്ചുകൊണ്ട് ഈ ലോകത്തിൽ ജീവിക്കുക സാദ്ധ്യമല്ല എന്നൊരു ബോധത്തിനു വിധേയരാവുന്നു. ഈ അവസ്ഥയിലെത്തിയ ഒരു വ്യക്തി തൻനിമിത്തം തന്റെ സഹവിശ്വാസികളോടൊപ്പം ആഹ്ലാദാനുഭവങ്ങൾക്കുള്ള മറ്റു മാർഗ്ഗങ്ങൾ തേടുന്നു.

## സന്ന്യാസപാരമ്പര്യത്തിന്റെ തെററായ മാതൃകകൾ

**മ**തത്തിന്റെ സന്ന്യാസി സമൂഹങ്ങളിൽ പ്രചരിക്കുന്നതുപോലെ ഹിസ്റ്റീരിയ, ലൈംഗികവൈകൃതങ്ങൾ ഇവ മറ്റൊരു സമൂഹത്തിലും കാണാൻ കഴിയില്ല. ഈ സന്ന്യാസിമാരെ ലൈംഗികവൈകൃതങ്ങൾ പുലർത്തുന്ന കുറ്റവാളികളായി ആരും കണക്കാക്കുന്നില്ല. മതവിശ്വാസികൾക്കു പൊതുവെ തങ്ങളുടെ നിലപാടുകളെക്കുറിച്ചു ബോദ്ധ്യമുണ്ട്. മറ്റാരെയും പോലെ അവരുടെ വ്യക്തിത്വവും പൊതുവിൽ സ്വീകാര്യവും സ്വകാര്യവും എന്നിങ്ങനെ രണ്ടായി വിഭജിതമായിരിക്കുന്നു. ഔദ്യോഗികമായി ലൈംഗികതയെ ഒരു പാപമായി അവർ കരുതുന്നു. സ്വകാര്യമായി ഇതുകൂടാതെ തങ്ങൾക്കു നിലനില്പില്ലെന്ന കാര്യം അവർക്കറിയാം. ലൈംഗിക ഉത്തേജനം ധാർമ്മിക പ്രമാണങ്ങൾക്കു വിരുദ്ധമാണെന്നാണ് വി

ശ്വാസികളുടെ വാദം. തങ്ങൾ മനുഷ്യജീവികളാണെന്ന സത്യം അംഗീകരിച്ചുകൊണ്ടുതന്നെ ദൈവവുമായുള്ള തങ്ങളുടെ ബന്ധം പ്രകൃതിയുമായുള്ള ബന്ധത്തെയാണ് സൂചിപ്പിക്കുന്നത് എന്നവർ പറയും. തങ്ങളുടെ സ്വകാര്യവ്യക്തിത്വം പോലും പ്രകൃതിയുടെ ഒരു ഭാഗം മാത്രമാണ്. അന്തിമ വിശകലനത്തിൽ ഓരോ വ്യക്തിയും സ്ഥൂല പ്രപഞ്ചത്തിലെ ഒരു സൂക്ഷ്മ പ്രപഞ്ചമാണ് എന്നൊക്കെയുള്ള പഠിപ്പിക്കലുകളിൽ കാതലുണ്ടെന്ന കാര്യം അംഗീകരിക്കേണ്ടിയിരിക്കുന്നു. പക്ഷേ, കാമ്പുള്ള ഈ സിദ്ധാന്തത്തിന്റെ പോലും പ്രയോഗങ്ങൾ തെറ്റായ ഫലങ്ങൾ ഉളവാക്കുന്നുവെന്നതാണ് വസ്തുത.

കുട്ടികൾ ദൈവത്തിൽ വിശ്വസിക്കുന്നില്ല. ലൈംഗികവികാരം രൂപപ്പെടുന്നതോടൊപ്പം ഹസ്തമൈഥുനം പോലുള്ള പ്രവൃത്തികൾ പരിശീലിക്കുന്നു. ഇതോടു ബന്ധപ്പെടുത്തിയാണ് ദൈവവിശ്വാസ സംബന്ധിയായ ആശയങ്ങൾ കുട്ടികളെ പഠിപ്പിക്കാറുള്ളത്. ലൈംഗിക വികാരങ്ങൾ അടിച്ചമർത്തുക വഴി കുട്ടികളിൽ ഒരു തരം ഭയം രൂപപ്പെട്ടുവരുന്നു. ഒരു വശത്ത് അവർ ദൈവത്തെ ഒരു സർവ്വജ്ഞനെന്ന നിലയിൽ കാണുകയും മറുവശത്ത് തങ്ങളുടെ ലൈംഗികോത്തേജനത്തിൽനിന്നു രക്ഷപ്പെടാൻ സഹായിക്കുന്ന ആരാധനാമൂർത്തിയായി കാണുകയും ചെയ്യുന്നു. എന്നാൽ, തങ്ങളുടെ ലൈംഗിക ദാഹത്തെ അമർത്തിവയ്ക്കാൻ ഈ ദൈവഭക്തി ഒരു പരിധിക്കപ്പുറം സഹായകമല്ല എന്നവർക്കു ക്രമേണ ബോദ്ധ്യപ്പെടുന്നു.

ആസ്ട്രിയൻ ഭിഷഗ്വരനും മനഃശാസ്ത്രജ്ഞനുമായ വിൽഹം റീഹ് തന്റെ നിഗമനങ്ങൾ സ്വരൂപിക്കുന്നത് പാശ്ചാത്യ ക്രിസ്തുമത സമൂഹങ്ങളുമായുള്ള ഇടപഴകലിൽനിന്നാണ്. പൗരസ്ത്യ പശ്ചാത്തലത്തിലേക്കു തിരിഞ്ഞു പരിശോധിച്ചാലും സ്വാഭാവിക രതിയോട് ഒരു തരം ഭയവും അറപ്പും വെറുപ്പുമൊക്കെ വച്ചു പുലർത്തിക്കൊണ്ടാണ് ഇവിടത്തെ സമൂഹപരിണാമം മുന്നേറുന്നത്. നമ്മുടെ ചില പുരാവൃത്തങ്ങൾ (Myths) തന്നെ ഇതു വാചാലമായി സമർത്ഥിക്കുന്നുണ്ട്. ഉദാഹരണത്തിനു നമ്മുടെ യക്ഷി – ഗന്ധർവ്വ സങ്കല്പം ഒന്നു പരിശോധിക്കാം. സ്ത്രൈണ ലൈംഗികതയുടെ മൂർദ്ധന്യഭാവമാണ് നമ്മുടെ യക്ഷിസങ്കല്പത്തിൽ പ്രകടമാകുന്നത്. അതിസുന്ദരിയായ സ്ത്രീ മുറുക്കിച്ചുവപ്പിച്ച ചുണ്ടുകൾ, കൂർപ്പിച്ച സ്തനങ്ങളും തടിച്ച നിതംബവും ഇടുങ്ങിയ അരക്കെട്ടും വശ്യമനോഹരമായ പുക്കിൾച്ചുഴിയും – മുട്ടിനു താഴെ എത്തുന്ന കേശസമൃദ്ധിയും. പുരുഷസങ്കല്പത്തിലെ ഏറ്റവും മുന്തിയ സ്ത്രീ സ്വരൂപം. സത്യത്തിൽ ഓരോ പുരുഷനും തന്റെ ലൈംഗിക പങ്കാളിയിൽ കണ്ടെത്താനാഗ്രഹിക്കുന്ന പൂർണ്ണ സ്ത്രീത്വത്തിന്റെ സ്വരൂപം ഇതുതന്നെ. എന്നിട്ടും എന്തുകൊണ്ടാണ് ഇത്തരം ഒരു സ്വരൂപം യക്ഷിയെന്ന നിലയിൽ വിശേഷിപ്പിക്കപ്പെട്ടു? യുവാക്കളെ ആകർഷിച്ചു കരിമ്പനയോ ആലോ പോലുള്ള വൻ വൃക്ഷച്ചുവട്ടിലേക്കു കൊണ്ടുപോയി അവരും ഒത്തുചേർന്നു സംഭോഗത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ ഭീകരരൂപമാർന്ന് സ്വന്തം ഇണയുടെ രക്തം കുടിച്ച് മാംസം ഭക്ഷിച്ച് എല്ലും തോലും നഖങ്ങളും രോമങ്ങളും വൃക്ഷച്ചുവട്ടിൽ അവശേഷിപ്പിച്ചിട്ട് അപ്രത്യക്ഷയാകുന്ന യക്ഷിയുടെ കഥകൾ കേരളത്തിൽ സാധാരണമായിരുന്നു. സ്ത്രീലൈംഗികതയോടുള്ള പുരുഷന്റെ ഉപബോധ മനസ്സിലെ ഭയമാണ് ഇത്തരം ഒരു മൂർത്തിയെ സങ്കല്പിക്കാൻ അവനെ പ്രാപ്തനാക്കിയതെന്ന കാര്യം തികച്ചും ലളിതമായ ഒരു മനഃശാസ്ത്ര തത്ത്വമത്രേ.

നേരെ എതിർദിശയിലാണ് ഗന്ധർവ്വ സങ്കല്പം ഇതൾ വിരിയുന്നത്. രൂപഭാവഗുണങ്ങൾ ഒത്തിണങ്ങിയ ഉദാത്ത പുരുഷ സങ്കല്പമാണ് ഗന്ധർവ്വൻ. സദ്ചരിതകളായ സ്ത്രീകളുടെ സ്വകാര്യനിമിഷങ്ങളിൽ അവരുടെ ആഗ്രഹത്തിനനുസരിച്ച് ആഗതനാകുകയും അവർ ഇച്ഛിക്കുമ്പോൾ അപ്രത്യക്ഷനാകുകയും ചെയ്യുന്ന ഗന്ധർവ്വൻ സംഗീതം, നൃത്തം തുടങ്ങിയ സുകുമാരകലകളിൽ പ്രാവീണ്യം നേടിയ വിശിഷ്ട വ്യക്തിത്വമായിരിക്കും.

## ഇരകളാക്കപ്പെടുന്ന സ്ത്രീകൾ

**പി**തൃമേധാവിത്വ സമൂഹത്തിലെ പുരുഷൻ സ്വഭാവികമായും ദുർബലനും സ്ത്രൈണ ലൈംഗികതയെ ഭയപ്പെടുന്നവനുമാണ്. തനിക്കു ഉഴുതു മറിച്ചു വിത്തു വിതയ്ക്കാനുള്ള വെറും തരിശുനിലങ്ങളായിട്ടു മാത്രമാണവൻ സ്ത്രീയെ കാണുന്നത്. സ്ത്രൈണ ലൈംഗികത ശമിപ്പിക്കാൻ പുരുഷൻ അഭൗമവ്യക്തിത്വം ആർജ്ജിക്കേണ്ടിയിരിക്കുന്നു. സ്ത്രീ തന്റെ ഇണയിൽനിന്നു പ്രതീക്ഷിക്കുന്നത് കേവലമായ സന്താനോല്പാദനമല്ല. അവൻ ആടുന്നവനും പാടുന്നവനും സഹൃദയത്വത്തിന്റെ പാരമ്യത്തിലെത്തിയവനും ആയിരിക്കണമെന്നാണവർ പ്രതീക്ഷിക്കുന്നത്. തന്നെ യക്ഷിയായിക്കരുതി ഭയന്നുമാറി നിൽക്കുന്ന പുരുഷനെ അവളുടെ ഉള്ളു വെറുക്കുന്നു. അവളുടെ മനസ്സ് അമർത്തപ്പെട്ട വികാരങ്ങളുടെ സ്ഫോടക ശേഖരമായി മാറുന്നു. ഉപബോധ മനസ്സിലെ ഈ നീറ്റലിനും പുകച്ചിലിനും ഒരുപശാന്തി എന്ന നിലയിൽ ഇത്തരം സ്ത്രീകൾ ഭക്തിയുടെ കോട്ടയിൽ അഭയം തേടുന്നു.

നമ്മുടെ പള്ളികളിലും ക്ഷേത്രങ്ങളിലും ധ്യാനപ്പന്തലുകളിലും വ്യാജ ആത്മീയക്കാരുടെ സങ്കേതങ്ങളിലും ഒത്തുചേരുന്നത് അധികവും സ്ത്രീകളാകുന്നത് എന്തുകൊണ്ടെന്ന ചോദ്യത്തെ കേരളീയ സമൂഹം ഇതുവരെ അഭിമുഖീകരിച്ചിട്ടില്ലെന്നു തോന്നുന്നു. ശബരിമല ഭക്തന്മാർ സ്ത്രീകളിൽ നിന്ന് നാല്പതു ദിവസം അകന്നുനിൽക്കുന്നു. അയ്യപ്പൻ ബ്രഹ്മചാരിയാണെന്ന കാര്യം പറഞ്ഞ് സ്ത്രീകൾക്കു സന്നിധാനത്തിൽ പ്രവേശനം വിലക്കിയിരിക്കുന്നു. ശ്വാസോച്ഛ്വാസ പരിശീലനം, യോഗാഭ്യാസം, കുണ്ഡലിനി ഉണർത്തൽ എന്നിങ്ങനെയുള്ള വിദ്യകളിലൂടെ യുവസന്ന്യാസികൾ ആരാധികമാരെ തങ്ങളിലേക്ക് ആകർഷിക്കുന്നു. ചെറിയ തോതിൽ മാജിക്ക്, മെസ്മറിസം, ഹിപ്നോട്ടിസം തുടങ്ങിയ വിദ്യകൾ പരിശീലിച്ച ഈ തട്ടിപ്പു വീരന്മാർ പലപ്പോഴും സ്ത്രീകളെ സ്വന്തം ലൈംഗിക ദൗർബല്യത്തിനിരയാക്കുന്നു.

പ്രതിഭാശാലികളായ എഴുത്തുകാരും ശാസ്ത്രബിരുദധാരികളും ഉന്നതോദ്യോഗസ്ഥരും ഉൾപ്പെടെ നിരവധിയാളുകൾ കോടികളുടെ ആസ്തിയുമായി സ്ഥാപനവൽക്കരിക്കപ്പെട്ട അവതാരങ്ങളുടെ ശിഷ്യരായി മാറുന്ന വിചിത്രമായ കാഴ്ചകൾക്കും കേരളീയർ സാക്ഷികളാവുന്നു. ഇതിനു പിറകിലുള്ള സാമ്പത്തിക-രാഷ്ട്രീയ താല്പര്യങ്ങൾക്കപ്പുറം തങ്ങൾക്ക് സ്വന്തം നിലയിൽ പരിഹാരം കാണാനാവാത്ത വ്യക്തിപരവും സ്വകാര്യവുമായ നിരവധി പ്രശ്നങ്ങളുടെ നീർച്ചുഴിയിൽ നിന്ന് പിടിച്ചുകയറാനുള്ള ഉപാധിയായാണ് ഇത്തരം വിശ്വാസങ്ങൾ മാറുന്നത്. ആൾദൈവങ്ങളുടെ അദ്ഭുത സിദ്ധികൾക്ക് അനുഭവസാക്ഷ്യം പറയാൻ സമൂഹത്തിന്റെ ഉന്നതശ്രേണിയിലുള്ളവർ തയ്യാറാവുന്നുവെന്നതും ഏറെ ദുരന്തപൂർണ്ണമായ അനുഭവമാണ്.

സ്വന്തം നിലനില്പു ഭദ്രമാക്കാൻ വ്യാജന്മാർ അവലംബിക്കുന്ന പ്രധാനപ്പെട്ട അടവ് ജീവകാരുണ്യ പ്രവർത്തനമാണ്. എല്ലാ വ്യാജഗുരുക്കന്മാരും സ്വയം എസ്റ്റാബ്ലിഷ് ചെയ്യുന്നത് വിവിധ തരത്തിലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെയാ

ണ്. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ജനങ്ങൾക്കു ഭൂരിപക്ഷമുള്ള നമ്മുടേതു പോലെയുള്ള ഒരു നാട്ടിൽ അനാഥരും അശരണരും വേണ്ടത്രയുണ്ടാകുമല്ലോ. ഇവരെ സംരക്ഷിക്കേണ്ടത് തീർച്ചയായും ഈ നാട്ടിലെ പ്രബുദ്ധരായ പൗരസഞ്ചയത്തിന്റെ കടമയാണ്. പൗരസമൂഹത്തിനു വേണ്ടി അവരുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാനുള്ള ബാദ്ധ്യത ഒരു വ്യവസ്ഥാപിത സമൂഹത്തിൽ അവിടത്തെ ഭരണകൂടങ്ങളിൽ നിക്ഷിപ്തമാണ്. പരിഷ്കൃത ലോകമാകെ ആദരിക്കുന്ന ഒരു തത്ത്വമാണിത്. എന്നാൽ, നമ്മുടെ ഭരണകൂടങ്ങൾ ഈ കാര്യത്തിൽ ആവശ്യമായ ശുഷ്കാന്തി പ്രകടിപ്പിക്കുന്നില്ല. കോളനിവാഴ്ചയുടെ കാലം മുതൽ പൊതുസമൂഹത്തിന്റെ ഇത്തരം ഉത്തരവാദിത്വങ്ങൾ സ്വന്തം നിലയിൽ ഏറ്റെടുത്തു നടത്താനുള്ള മത്സരബുദ്ധിയിലായിരുന്നു ഇവിടത്തെ മതസ്ഥാപനങ്ങൾ. ഈ പേരു പറഞ്ഞു സ്വദേശത്തുനിന്നും വിദേശത്തുനിന്നും പണം ശേഖരിച്ച് അതിന്റെ ഭീമഭാഗവും സ്വന്തം ആവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കുകയായിരുന്നു അവർ.

വികസിത നാടുകളിലെ ഉദാരശീലരായ നല്ല മനുഷ്യരുടെ മുൻപിൽ നമ്മുടെ നാട്ടിലെ പട്ടിണിക്കോലങ്ങളുടെ ചിത്രം പ്രദർശിപ്പിച്ചും സഹതാപം ഉദ്ദീപിപ്പിച്ചും പണം ശേഖരിക്കുകയായിരുന്നു ഇവരുടെ ആദ്യകാലങ്ങളിലെ രീതി. ഇപ്പോൾ ഇതിനു മാറ്റം വന്നിട്ടുണ്ട്. അനാഥ സംരക്ഷണം ഒരു സ്പോൺസേഡ് കലാപരിപാടിയായി മാറിയിരിക്കുന്നു. വിദേശത്തും സ്വദേശത്തുമുള്ള വൻ കോർപ്പറേറ്റ് സ്ഥാപനങ്ങളും അവരുടെ ഏജന്റുമാരും ഇന്നു മത്സരബുദ്ധിയോടെ ഈ രംഗത്തു സജീവമാണ്. ആദ്യമൊക്കെ ക്രിസ്ത്യൻ മിഷനറിമാരും ഇവാഞ്ചലിസ്റ്റുകളുമൊക്കെയാണ് ഈ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയത്. കേന്ദ്രത്തിൽ ബി.ജെ.പി. അധികാരത്തിൽ വന്നതോടെയാണെന്നു തോന്നുന്നു തങ്ങളുടെ താല്പര്യങ്ങൾ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഭംഗിയായി നിറവേറ്റാൻ ക്രൈസ്തവ സ്ഥാപനങ്ങളെക്കാളധികം പ്രയോജനപ്പെടുത്താൻ കഴിയുക ഹിന്ദു സന്ന്യാസിമാരെയും അവരുടെ സ്ഥാപനങ്ങളെയുമാണെന്ന തിരിച്ചറിവിലേയ്ക്കവർ നയിക്കപ്പെട്ടു. മാതാ അമൃതാനന്ദമയിയും ശ്രീ ശ്രീ രവിശങ്കറുമൊക്കെ ഇവിടത്തെ ഏത് ആർച്ചുബിഷപ്പിനേക്കാളും കർദ്ദിനാളിനേക്കാളും അധികം പാശ്ചാത്യർക്കു സ്വീകാര്യരായി. ഈ സാഹചര്യം മുതലെടുക്കാൻ അനാഥ സംരക്ഷണം ലക്ഷ്യമാക്കി ട്രസ്റ്റുകളും സൊസൈറ്റികളും നാട്ടിലുടനീളം കൂണുപോലെ മുളച്ചുപൊന്തുകയാണ്. വിദേശത്തുനിന്നു പണം ചോർത്താനുള്ള ത്വരയാണ് ഇവരെ മുന്നോട്ടു നയിക്കുന്നത്. ആരെയും കണക്കു ബോധിപ്പിക്കേണ്ടതില്ലാത്ത കോടികളുടെ ആസ്തി വിവിധ ബിനാമിപ്പേരുകളിൽ വാരിക്കൂട്ടാൻ ഈ ജീവകാരുണ്യപ്രവർത്തനം പോലെ മറ്റെന്താണുള്ളത്?

ചെറുതും വലുതുമായ 1600 സന്നദ്ധസംഘടനകളാണ് വിദേശപ്പണം കൈപ്പറ്റി രാജ്യത്തു പ്രവർത്തിക്കുന്നത്. 750 കോടിയാണ് 2005-06 വർഷം ഈ സംഘടനകൾ



വിൽഹം റീഹ്

കൈപ്പറ്റിയ വിദേശ സഹായം. മാതാ അമൃതാനന്ദമഠം മാത്രം 85.33 കോടിയും സ്വന്തമാക്കി. തൊട്ടുപിന്നാലെയുള്ളത് കെ.പി. യോഹന്നാൻ എന്ന ക്രിസ്ത്യൻ സുവിശേഷകന്റെ ബിലീവേഴ്സ് ചർച്ച് ആണ്. 78.62 കോടി രൂപയാണ് ഇദ്ദേഹവും ഇദ്ദേഹത്തിന്റെ വിദേശിയായ ഭാര്യയും ചേർന്ന് സ്വരൂപിച്ചത്. കെ.പി. യോഹന്നാന്റെ സഭ ഒരു ഒറ്റയാൾ പട്ടാളമാണെന്ന കാര്യം തന്ത്രപൂർവ്വം ലോകശ്രദ്ധയിൽ നിന്നു മറച്ചുപിടിച്ചുകൊണ്ടാണ് വിദേശികളെ കബളിപ്പിച്ചു സ്വത്തു സമ്പാദിക്കുന്നത്.

ബിലീവേഴ്സ് ചർച്ചിന്റെ പരമാദ്ധ്യക്ഷനായി സ്വയം അവരോധിക്കപ്പെട്ട ഡോ. കെ.പി യോഹന്നാനു വേണ്ടി മറ്റൊരു ബിഷപ്പ് നാമധാരി ഡോ. സാമുവേൽ മാത്യു എന്നയാൾ പേരുവച്ച് എല്ലാ പത്രങ്ങളിലും പരസ്യം നൽകുകയുണ്ടായല്ലോ. ഇങ്ങനെ ഒരു ചർച്ചിന്റെ ഉദ്ഭവത്തെക്കുറിച്ചോ അതിനു കേരളത്തിലെ മറ്റു വ്യവസ്ഥാപിത ക്രൈസ്തവ സഭകളിൽ നിന്നുള്ള വ്യത്യാസങ്ങളെക്കുറിച്ചോ യാതൊന്നും പരസ്യത്തിൽ വിശദീകരിച്ചിട്ടില്ല. 'എപ്പിസ്കോപ്പസി'യെ പരസ്യമായി നിഷേധിച്ചുകൊണ്ടും പൗരോഹിത്യത്തെ എതിർത്തു പ്രസംഗിച്ചുകൊണ്ടും പ്രാർത്ഥനയും ധ്യാനവും വഴി അദ്ഭുതരോഗശാന്തി മേളകൾ നടത്തി വിവിധ എപ്പിസ്ക്കോപ്പൽ സഭകളിൽനിന്നും ആളെ ആകർഷിച്ചു തട്ടിക്കൂട്ടിയ ഈ ആൾക്കൂട്ടം എങ്ങനെയാണ് ഒരു വ്യവസ്ഥാപിത സഭയാകുന്നതെന്ന കാര്യം ഇവിടത്തെ സഭാദ്ധ്യക്ഷന്മാർ തന്നെ വിശദീകരിച്ചു തരേണ്ടിയിരിക്കുന്നു.

വ്യവസ്ഥാപിത സഭകളിൽനിന്നു പുറന്തള്ളിയ ഇത്തരം ഒറ്റയാൻ സുവിശേഷകർ പിന്നീട് സഭയ്ക്കു തന്നെ ഭീഷണിയാകുന്നതിന്റെ വേറെയും ധാരാളം ഉദാഹരണങ്ങൾ കേരള ക്രൈസ്തവ സമൂഹത്തിലുണ്ട്. ഓർത്തഡോക്സ് സഭയിൽനിന്നും ഈയിടെ പുറത്താക്കിയ എം.വൈ. യോഹന്നാൻ, കത്തോലിക്കാ സഭയിൽനിന്നു പുറത്താക്കിയ ദേവസ്യാ മുല്ലക്കരയെന്ന സ്കൂളദ്ധ്യാപകൻ, സംശയത്തിന്റെ നിഴലിൽ നിൽക്കുന്ന തങ്കു ബ്രദർ എന്നിവർ ഉദാഹരണം. ആത്മീയയാത്ര, വചനോത്സവം, യേശു വീണ്ടും വരുന്നു, ലോകാവസാനം ആസന്നം തുടങ്ങി വിശ്വാസികളെ വൈകാരികമായി ഇളക്കാൻ പാകത്തിലുള്ള പേരുകളും ചേഷ്ടകളുമായിട്ടാണ് ഈ ആത്മീയക്കാർ കോടികൾ കൊയ്യുന്നത്. എല്ലാം ആ പാവം യേശുവിന്റെ പേരിൽ!

ഫാസിസം ജനങ്ങളുടെ മേൽ പിടിമുറുക്കുന്നതിന്റെ മുന്നോടിയാണ് ആത്മീയവാദപരമായ നിഗൂഢതാവാദം എന്ന വിൽഹം റീഹിന്റെ നിരീക്ഷണം ശരിയാണെങ്കിലും ആത്മീയതയുടെ ശുദ്ധസ്വരൂപവും വ്യാജ ആത്മീയതയും തമ്മിൽ വേർതിരിച്ചു പരിശോധിക്കാൻ അദ്ദേഹം ശ്രമിച്ചിട്ടില്ല. ഒരുപക്ഷേ, അദ്ദേഹത്തിനു പരിചിതമായ പാശ്ചാത്യ സമൂഹത്തിന്റെ പശ്ചാത്തലത്തിൽ ശുദ്ധ ആത്മീയത എന്നൊന്നും ഇല്ലായിരുന്നു എന്നുവരാം. അതുകൊണ്ടായിരിക്കണം റീഹ് ആത്മീയതയെ ആകെ ആത്മീയതാവാദപരമായ നിഗൂഢതാവാദം (Spiritual misticism) എന്ന നിലയിൽ ആക്ഷേപ വിഷയമാക്കുന്നത്. പൗരസ്ത്യ പശ്ചാത്തലത്തിൽ തീർച്ചയായും ശുദ്ധ ആത്മീയത എന്നൊന്നുണ്ട്. അതിനു ദൈവവുമായിപ്പോലും വല്യ ബന്ധം വേണമെന്നില്ല. ■